മാനദണ്ഡങ്ങൾ താഴെപ്പറയുന്നു:

(1) അപേക്ഷ സമർപ്പിക്കുന്ന സാമ്പത്തിക വർഷം മാർച്ച് 31 നുള്ളിൽ 60 വയസ്സ് പൂർത്തിയായിരിക്കണം.

(2) പ്രസ്തുത വർഷത്തെ ഉൾപ്പെടെ ക്ഷേമനിധി വിഹിതം പൂർണമായി അടച്ചു തീർത്തിരിക്കണം.

(3) മൽസ്യത്തൊഴിലാളിയായി കുറഞ്ഞത് പത്തു വർഷമെങ്കിലും കേരളത്തിൽ രജിസ്റ്റർ ചെയ്ത് ഉപജീവനം കഴിച്ച ആളായിരിക്കണം.

(4) പെൻഷന് അപേക്ഷിക്കുന്ന തീയതിക്ക് അഞ്ചു കൊല്ലം മുമ്പ് എങ്കിലും മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം അടച്ച് അംഗത്വം എടുത്തിരിക്കണം.

(5) സർക്കാർ നിശ്ചയിക്കുന്ന തുകയേക്കാൾ കൂടുതൽ വ്യക്തിഗത വാർഷിക വരുമാനം ഉണ്ടായിരിക്കരുത്. (ഇപ്പോൾ വരുമാന പരിധി 5,000 രൂപയാണ്.)

(6) സർക്കാർ ഉടമയിലോ സ്വകാര്യ ഉടമയിലോ ഉള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ സംരക്ഷണമോ സഹായമോ ലഭിക്കുന്ന ആളായിരിക്കരുത്. ക്ഷയം, അർബുദം, കുഷ്ഠം എന്നിവയ്ക്കുള്ള ധനസഹായം ഒഴികെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കുന്ന ആളായിരിക്കരുത്.

(സി) 3 കോടി 95 ലക്ഷം രൂപ വേണ്ടിവരും.

റോഡ് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം

59 [6025] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിലെ രണ്ട് റോഡ് പ്രവൃത്തികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ഫണ്ട് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സ്ഥലം എം. എൽ. എ. നൽകിയ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച പ്രായോഗിക സാദ്ധ്യതാ റിപ്പോർട്ട് നൽകുന്നതിനായി കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പിന്റെ (ഫിഷറീസ്) പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly